**കണ്ണൂർ സർവ്വകലാശാല**

**(സിംഗിൾ വിൻഡോ )**

SWC/SWC II/6786/2023 തീയതി: 25.05.2023

**<u>പ്രസിദ്ധീകരണത്തിന്</u>**

<u>ഏകജാലക സംവിധാനം വഴിയുള്ള അഫിലിയേറ്റഡ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം 2023-24</u>

കണ്ണൂർ സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിലെ (Govt./Aided/ Govt.Cost sharing institutions/Self Financing) യു.ജി കോഴ്സുകളിലേക്ക് 2023-24 അധ്യയന വർഷത്തെ ഏകജാലക സംവിധാനം വഴിയുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു .

കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും (General/Reservation/Community/Management/Sports quota ഉൾപ്പെടെയുള്ള) ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഓൺലൈൻ രജിസ്ട്രേഷൻ 25 മെയ് 2023, 5.P.M മുതൽ ആരംഭിക്കുന്നതും 12 ജൂൺ 2023 5 P.M ന് അവസാനിക്കുന്നതുമാണ്. രജിസ്ട്രേഷൻ സംബന്ധമായ വിവരങ്ങൾ www.admission.kannuruniversity.ac.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

കമ്മ്യൂണിറ്റി, മാനേജ്മെൻറ്, സ്പോർട്സ് എന്നീ ക്വാട്ടകളിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിൻറൗട്ടും ആവശ്യമായ രേഖകളും സഹിതം പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളിൽ <u>പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.</u>

**സെല്ഫ് ഫിനാൻസിങ് കോളേജുകളുടെ ഫീസ് നിരക്ക് സർക്കാർ/എയ്ഡഡ് കോളേജുകളെ അപേക്ഷിച്ച് കൂടുതലാണ്.**

വെയ്റ്റേജ്/ സംവരണാനുകൂല്യം ആവശ്യമുള്ള വിദ്യാർത്ഥികൾ പ്രസ്തുത വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്മിഷൻ സമയത്ത് പ്രസ്തുത രേഖകൾ ഹാജരാക്കിയാലും മേല്പറഞ്ഞ ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

വിദ്യാർത്ഥികൾക്ക് 20 ഓപ്ഷൻ വരെ സെലക്ട് ചെയ്യാവുന്നതാണ്. കോളേജുകളെ സംബന്ധിക്കുന്ന വിവരങ്ങൾ( ദൂരം, ഹോസ്റ്റൽ സൗകര്യം മുതലായവ) അതാത് കോളേജുകളുടെ വെബ് സൈറ്റിൽ ലഭ്യമാണ്. അത് പരിശോധിച്ചതിനുശേഷം മാത്രം കോളേജുകൾ തെരഞ്ഞെടുക്കേണ്ടതാണ്.

**<u>ഓപ്ഷൻ കൊടുത്ത കോളേജുകളിലേക്ക് അലോട്ട്മെൻറ് ലഭിക്കുകയാണെങ്കിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം തുടർന്നു വരുന്ന അലോട്ട്മെൻറിൽ പരിഗണിക്കുന്നതല്ല. പ്രവേശനം ആഗ്രഹിക്കുന്ന കോളേജുകളും പ്രോഗ്രാമുകളും മാത്രം മുൻഗണന ക്രമത്തിൽ തെരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.</u>**

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്തതിനുശേഷം അപേക്ഷയുടെ പ്രിൻറൗട്ട് കോളേജുകളിലേക്കോ സർവ്വകലാശാലയിലേക്കോ അയക്കേണ്ടതില്ല. അപേക്ഷയുടെ പ്രിൻറൗട്ടും ഫീസടച്ചതിൻറെ രസീതും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

**ഓൺലൈൻ രജിസ്ട്രേഷൻ ഫീസ് 500/- രൂപയാണ്.(SC/ST /PWBD വിഭാഗത്തിന് 300 /- രൂപ )**

ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും SBIEpay മുഖാന്തിരം അടക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള വിവരങ്ങൾ www.admission.kannuruniversity.ac.in എന്ന വെബ്സൈറ്റിൽ

ലഭ്യമാണ്. ഡി.ഡി, ചെക്ക്, മറ്റു ചലാനുകൾ തുടങ്ങിയവ സ്വീകരിക്കുന്നതല്ല. ഫീസ് അടച്ച രസീതി നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

അലോട്ട്മെന്റ് തീയ്യതി, കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ട തീയ്യതി തുടങ്ങിയവ അതാതു സമയങ്ങളിൽ വെബ്സൈറ്റിലൂടെയും പത്രകുറിപ്പിലൂടെയും അറിയിക്കുന്നതാണ്.

**അന്വേഷണങ്ങൾ ഫോൺ മുഖാന്തിരം മാത്രം**

ഹെൽപ്പ് ലൈൻ നമ്പർ : 0497 - 2715284 ,0497-2715261
7356948230

Website : www.admission.kannuruniversity.ac.in

Email id : ugsws@kannuruniv.ac.in

പ്രവൃത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് മാത്രം ബന്ധപ്പെടുക

ഒപ്പ്/-
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1.P.R.O (എല്ലാ പത്രങ്ങളിലും (All Kerala ) പത്രക്കുറിപ്പ് നൽകുന്നതിനായി )
2.ComputerProgrammer
3.IT Centre
4.Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ